സുപ്രഭാതം 12 January 2023

# 'രാജ്യത്തെ കാർഷിക വിദ്യാഭ്യാസം സമൂലമായി പരിഷ്കരിക്കും'

കൊച്ചി • ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി രാജ്യത്തെ കാർഷിക വിദ്യാഭ്യാസം സമൂലമായി പരിഷ്കരിക്കുമെന്ന് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ)അഡീഷനൽ ഡയരക്ടർ ജനറൽ ഡോ. സീമ ജഗ്ഗി. വിദ്യാർഥികളിൽ നൈപുണ്യവികസനം ലക്ഷ്യമിട്ട് പാഠ്യപദ്ധതികളും കോഴ്സുകളും മാറ്റത്തിന് വിധേയമാക്കും. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിന് പരിഷ്കരണം സഹായകരമാകുമെന്നും അവർ പറഞ്ഞു. സാമൂഹിക ശാസ്ത്ര ഗവേഷണങ്ങളിൽ സ്ഥിതിവിവരകണക്കുകൾ വിശകലനം നടത്തുന്നതുൾപ്പെടെയുള്ള പുതിയ രീതിശാസ്ത്രങ്ങൾ ഗവേഷകരെ പരിശീലിപ്പിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിക്കുന്ന വിന്റർ സ്കൂളിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അവർ. ഐ.സി.എ.ആറിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന 21ദിവസം നീണ്ടുനിൽക്കുന്നതാണ് പരിശീലനപരിപാടി.സി.എം.എഫ്.ആർ.ഐ ഡയരക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായി. ഗവേഷണ രംഗത്ത് ഡേറ്റ വിശകലനത്തിന് സുപ്രധാന പങ്കാണുള്ളതെന്ന് അദ്ദേഹം പറഞ്ഞു. 13 സംസ്ഥാനങ്ങളിൽ നിന്നായി 25 ഗവേഷകരാണ് വിന്റർ സ്കൂളിൽ പങ്കെടുക്കുന്നത്.